പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 260 — 18.08.2017 ൽ മറുപടിക്ക്

## കേരളത്തിന്റെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, പി.കെ. ശശി<br>,, ജോൺ ഫെർണാണ്ടസ്<br>,, വി. അബ്ദുറഹിമാൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണനയുടെ പ്രതിഫലനമെന്നോണം 2008 ൽ പ്രഖ്യാപിച്ചതും സംസ്ഥാന സർക്കാർ പൂർണ്ണമായും സ്ഥലം ഏറ്റെടുത്ത് നൽകിയതുമായ കോച്ച് ഫാക്ടറി കഞ്ചിക്കോട് നിന്നും ഹരിയാനയിലേക്ക് മാറ്റാനുള്ള നീക്കത്തിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ഏകദേശം 1215 കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിൽ 430.59 ഏക്കർ സ്ഥലത്ത് പദ്ധതി തുടങ്ങാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറാൻ 28.01.2012 ലെ ജി.ഒ(എം.എസ്) നം. 35/2012/റവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്ക വേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചു വരുകയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് പിന്നീട് റയിൽവേ അധികാരികൾ അറിയിച്ചു. പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ചു തുടങ്ങിയ സാഹചര്യത്തിലും ഹരിയാനയിലെ 161.48 ഏക്കർ സ്ഥലത്തേക്ക് പ്രസ്തുത ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി |
| (ബി) പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ നിന്ന് റെയിൽവേ പിൻമാറിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ റെയിൽവേയുമായി ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സംയുക്ത സംരംഭം ആരംഭിച്ചെങ്കിലും, വികസന കാര്യത്തിൽ | (ബി) ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്), തലശ്ശേരി - മൈസൂർ പാത, അങ്കമാലി - ശബരി പാത, ഗുരുവായൂർ - തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് |

| | | | |
|---|---|---|---|
| | തീരുമാനമെടുക്കേണ്ട ഓഫീസുകൾ മറ്റ് സംസ്ഥാനങ്ങളിലായതിനാൽ പശ്ചാത്തല സൗകര്യവികസനരംഗത്തും അവഗണന നേരിടേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | | എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.ബഹു. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും ഇതു സംബന്ധിച്ച് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് ഇതു സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. |
| (സി) | കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കം തടയാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടത് അനുസരിച്ച് 08.02.2017 ലെ ജി.ഒ(ആർ.റ്റി) നം. 51/2017/ഗതാ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത നീക്കം പാർക്കിംഗ് ചാർജ്ജിലെ വർദ്ധനവ് ഉൾപ്പെടെ സാധാരണക്കാരെ ചൂഷണം ചെയ്യുന്ന കാര്യങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ ആയത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി ബഹു. റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി